**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 485** **23-06-2026-ൽ മറുപടിയ്ക്ക്**

**ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യാർഡിന്റെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലിശ്ശേരിയിൽ പ്രവർത്തനമാരംഭിച്ച കെ.എസ്.ഇ.ബി. പോൾ കാസ്റ്റിംഗ് യാർഡിൽ പോൾ നിർമ്മാണം ആരംഭിച്ചതുമുതൽ ഓരോ മാസവും എത്ര വീതം പോളുകളാണ് നിർമ്മിച്ചതെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

**മറുപടി:** വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യൂണിറ്റ് 2025 ൽ നിർമ്മാണം ആരംഭിച്ചതിന് ശേഷം ഓരോ മാസവും നിർമ്മിച്ച് വിതരണം ചെയ്ത പോളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| **വിതരണം ചെയ്ത മാസങ്ങൾ** | **8 മീറ്റർ പോളുകൾ** | **9 മീറ്റർ പോളുകൾ** |
|---|---|---|
| August 2025 | 1079 | 143 |
| September 2025 | 1007 | 288 |
| October 2025 | 2276 | 481 |
| November 2025 | 897 | 192 |
| December 2025 | 1199 | 240 |
| January 2026 | 1495 | 240 |
| February 2026 | 1738 | 0 |
| March 2026 | 1618 | 0 |
| April 2026 | 779 | 0 |
| **ആകെ** | **12088 എണ്ണം** | **1584 എണ്ണം** |

**(ബി)** പ്രസ്തുത പോളുകൾ ഏതെല്ലാം ജില്ലകളിലേക്കാണ് ഉപയോഗിച്ചുവരുന്നതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ചൂലിശ്ശേരി യാർഡിൽ നിന്ന് സ്ഥിരമായി തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ, ഇരിങ്ങാലക്കുട എന്നീ ഇലക്ട്രിക്കൽ സർക്കിളുകളുടെ കീഴിലുള്ള സെക്ഷൻ ഓഫീസുകളി-ലേക്കാണ് പോസ്റ്റുകൾ വിതരണം ചെയ്ത് വരുന്നത്. അടിയന്തര ആവശ്യങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ തൃശ്ശൂർ ജില്ലയ്ക്ക് പുറത്തുള്ള ജില്ലകളിലേക്കും പോസ്റ്റുകൾ വിതരണം ചെയ്യാറുണ്ട്. അത്തരത്തിൽ, മലപ്പുറം ജില്ലയിലേക്ക് 2025 നവംബർ മാസത്തിൽ 600 പോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

**(സി)** ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യാർഡിന്റെ പ്രവർത്തനം ഏതെല്ലാം രീതിയിലാണ് കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യൂണിറ്റ് കെ.എസ്.ഇ.ബി.എല്ലിന്റെ സ്വന്തം സ്ഥലത്താണ് പ്രവർത്തിക്കുന്നത്. ഇതുവഴി കെ.എസ്.ഇ.ബി.എല്ലിന് വാടക ഇനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്. ഈ യാർഡിൽ നിന്ന് കെ.എസ്.ഇ.ബി.എല്ലിന് ലഭിക്കുന്ന പോസ്റ്റുകൾക്ക്, പുറമെ നിന്ന് വാങ്ങുന്ന പോസ്റ്റുകളെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വിലയാണ്. അതിനാൽ, പോസ്റ്റുകളുടെ ലഭ്യത ഉറപ്പാക്കു-ന്നതിനൊപ്പം ചെലവ് കുറയ്ക്കുന്നതിനും ഇത് സഹായകരമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**